കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തലശ്ശേരി ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസ് കെട്ടിടത്തിന്റെ വാടക പ്രതിമാസം 5808/- രൂപ നിരക്കിൽ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 86/2014/തസ്വഭവ തീയതി, തിരുവനന്തപുരം, 08/01/2014

പരാമർശം :
1. 7/1/1998 ലെ സ.ഉ(ആർ.ടി)9/98/ഗ്രാമവി- ൦ം നമ്പർ സർക്കാർ ഉത്തരവ്
2. 5/10/2004 ലെ ശ്രീ.എസ്.പി.മുഹമ്മദ്കുഞ്ഞി മുഖ്യമന്ത്രിയുടെ പൊതുജനപരാതിപരിഹാര സെല്ലിൽ സമർപ്പിച്ച നിവേദനം
3. ഗ്രാമവികസന കമ്മീഷണറുടെ 15/6/2006, 25/7/2006, 19/6/2008, 08/10/2009, 10/5/2013 എന്നീ തീയതികളിലെ കത്തുകൾ

<u>ഉത്തരവ്</u>

പരാമർശം 1 പ്രകാരം തലശ്ശേരി ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസ് ആവശ്യത്തിലേക്കായി പ്രതിമാസം 4800/- (നാലായിരത്തി എണ്ണൂറ്) രൂപ നിരക്കിൽ ശ്രീ.എസ്.പി.മുഹമ്മദ് കുഞ്ഞിയുടെ ഉടമസ്ഥതയിലുള്ള 13/645 നമ്പർ കെട്ടിടം വാടകയ്ക്ക് എടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ.എസ്.പി.മുഹമ്മദ് കുഞ്ഞിയുമായി ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ ഉടമ്പടി വയ്ക്കുകയും 01/3/1998 മുതൽ 23/8/2005 വരെ ആഫീസ് പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിക്കുകയും ചെയ്തു. ഉടമ്പടി പ്രകാരം ഓരോ മൂന്ന് വർഷം കൂടും തോറും 21% വാടക വർദ്ധനവ് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ ശ്രീ.മുഹമ്മദ് കുഞ്ഞി 01/03/2001 മുതൽ 23/8/2005 വരെയുള്ള വാടകകുടിശ്ശിക അനുവദിക്കണമെന്ന് അപേക്ഷിച്ചു.

1998 ൽ ചേർന്ന റെന്റ് കമ്മിറ്റി മേൽകെട്ടിടത്തിന് 01/03/1998 മുതൽ സ്പെഷ്യൽ റെന്റായി പ്രതിമാസം 4800/- അനുവദിക്കാൻ അനുമതി നൽകിയിരുന്നു. സ്പെഷ്യൽ റെന്റിന് കുറഞ്ഞത് അഞ്ച് വർഷത്തെ പ്രാബല്യമുള്ളതിനാൽ അടുത്ത വാടകവർദ്ധനവ് 01/03/2003 ൽ മാത്രമാണ് നടത്തേണ്ടത്. 11/4/2003 ന ചേർന്ന റെന്റ് കമ്മറ്റി നിർദ്ദേശം വിശദമായി പരിശോധിക്കുകയും തലശ്ശേരി ബ്ലോക്ക്

ഡവലപ്പ്മെന്റ് ഓഫീസ് കെട്ടിടം പ്രവർത്തിക്കുന്ന മുഹമ്മദ് കുഞ്ഞിയുടെ ഉടമസ്ഥതയിലുള്ള 13/645 കെട്ടിടത്തിന് 01/03/2003 മുതൽ പ്രത്യേക വാടകയായി പ്രതിമാസം 5808/- രൂപ നൽകാൻ ശുപാർശ നൽകിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ തലശ്ശേരി ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസ് കെട്ടിടം പ്രവർത്തിച്ചിരുന്ന ശ്രീ.മുഹമ്മദ് കുഞ്ഞിയുടെ ഉടമസ്ഥതയിലുള്ള 13/645 ാം നമ്പർ കെട്ടിടത്തിന് 01/3/2003 മുതൽ 23/8/2005 വരെ പ്രത്യേക വാടകയായി പ്രതിമാസം 5808/- രൂപ നിരക്കിൽ നൽകാൻ അനുവാദം നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

പി.റംലത്ത്
അണ്ടർ സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
സെക്രട്ടറി, തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്
അക്കൌണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം.
പൊതുമരാമത്ത് വകുപ്പ് വകുപ്പ് (21/11/2013 ലെ 15200/ഇ 3/2013/പൊതുമരാമത്ത് കുറിപ്പുകൾ പ്രകാരം)
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ